ദേശാഭിമാനി

**Dated - 28/01/2026**
**Malappuram Edition**
**Page No - 14**
**Column - 6**

# ത്രോബോൾ ചാമ്പ്യൻഷിപ്

**വളാഞ്ചേരി**

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് ഫെബ്രുവരി ഒന്നിന് വേങ്ങര പീസ് പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ നടക്കും. 29ന് മുമ്പായി പ്ലെയർ, ടീം രജിസ്ട്രേഷൻ www.throwballkerala.com വെബ് സൈറ്റിൽ പൂർത്തിയാക്കണം. ഫോൺ: 8590806050, 9633871688.

മലയാള മനോരമ
ESTABLISHED 1888

**Malappuram Edition**

**Dated - 29/01/2026**

# സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്

കോട്ടയ്ക്കൽ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് ഫെബ്രുവരി ഒന്നിന് വേങ്ങര പീസ് പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ നടക്കും. പ്ലേയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സിലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. കൊച്ചിയിൽ നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഇതിൽനിന്നു തിരഞ്ഞെടുക്കും. 8590806050.

**Page No - 3** **Column- 5,6,7,8**

ദേശാഭിമാനി

Malappuram Edition
Dated - 03/02/2026

Page No - 12
Column - 1,2,3,4

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# ചുങ്കത്തറ മാർത്തോമയും നിലമ്പൂർ ലിറ്റിൽ ഫ്ലവറും ജേതാക്കൾ

**വളാഞ്ചേരി**

പത്താമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമാ എച്ച്എസ്എസ്സും പെൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യൻമാർ. ആൺകുട്ടികളിൽ യൂണിവേഴ്സിറ്റി ജിഎംഎച്ച് എസ്എസ് സ്പോർട്സ് ക്ലബ്ബും പെൺകുട്ടികളിൽ വാണിയമ്പലം സെന്റ് ഫ്രാൻസിസ് സ്കൂളും രണ്ടാം സ്ഥാനം നേടി.



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമി ടീം



ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ ചുങ്കത്തറ മാർത്തോമാ എച്ച്എസ്എസ് ടീം

പെൺകുട്ടികളുടെ വിഭാഗത്തിൽ വേങ്ങര പീസ് പബ്ലിക് സ്കൂളും കരുവാരക്കുണ്ട് ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് സ്കൂളും ആൺകുട്ടികളുടെ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്എൻഎംഎച്ച്എസ്എസ്സും വേങ്ങര പീസ് പബ്ലിക് സ്കൂളും മൂന്നാം സ്ഥാനം കരസ്ഥമാക്കി. മികച്ച താരങ്ങളായി മാർത്തോമാ എച്ച്എസ്എസിലെ ടി പി മുഹമ്മദ് അയാനെയും നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയിലെ ഇ റിയയെയും തെരഞ്ഞെടുത്തു.

ചാമ്പ്യൻഷിപ്പ് ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ സി സുരേഷ് ഉദ്ഘാടനംചെയ്തു. ത്രോബോൾ അസോസിയേഷൻ ജോ. സെക്രട്ടറി ബദറുദ്ധീൻ സംസാരിച്ചു. സമാപന സമ്മേളനത്തിൽ മലപ്പുറം ത്രോബോൾ വൈസ് പ്രസിഡന്റ് മറിയാമ്മ സമ്മാനദാനം നിർവഹിച്ചു. ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശേരി നന്ദി പറഞ്ഞു.